പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3799

20.10.2016-ൽ മറുപടിക്ക്

## വീട് വെയ്ക്കുന്നതിനായി നിലം നികത്തുന്നതിനുള്ള അനുമതി

ചോദ്യം

**ശ്രീ.കെ. വി വിജയദാസ്**

**,, കെ. ബാബു**

**,, മുരളി പെരുനെല്ലി**

**,, വി. കെ. സി. മമ്മത് കോയ**

ഉത്തരം

**ശ്രീ. ഇ. ചന്ദ്രശേഖരൻ**

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്വന്തമായി മറ്റു ഭൂമി ഇല്ലാത്തവർക്ക് വീട് വെയ്ക്കുന്നതിന് നിലം നികത്താനുള്ള അനുമതി നൽകുമോ; | (എ) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ, നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കാൻ അനുയോജ്യമായ മറ്റ് ഭൂമി ഇല്ലാത്ത പക്ഷം, വീടു വയ്ക്കുന്ന ആവശ്യത്തിനായി നിലം പരിവർത്തനപ്പെടുത്തുന്നതിന് ആക്ടിലെ നിബന്ധനകൾ പ്രകാരം അനുമതി നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏത് അളവു വരെ നിലം നികത്തുവാൻ അനുമതി നൽകുമെന്നും ആയതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ; | (ബി) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വീടുവയ്ക്കുവാൻ അനുയോജ്യമായ ഭൂമിയില്ലാത്ത നെൽവയലിന്റെ ഉടമസ്ഥന് പഞ്ചായത്ത് ഏരിയയിൽ പത്ത് സെന്റും മുനിസിപ്പൽ/ കോർപ്പറേഷൻ ഏരിയയിൽ അഞ്ചു സെന്റും നിലം നികത്തുന്നതിന് അനുമതി നൽകുവാൻ ടി നിയമത്തിൽ വ്യവസ്ഥയുണ്ട്. അപ്രകാരമുള്ള അപേക്ഷകൾ ഫാറം നമ്പർ 1-ൽ 10/- രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച്, ബന്ധപ്പെട്ട പ്രാദേശികതല നിരീക്ഷണ സമിതി കൺവീനറായ കൃഷി ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്. ടി അപേക്ഷകൾ പ്രാദേശികതല സമിതി പരിശോധിക്കുന്നതും ആയത് പരമാവധി 60 ദിവസത്തിനകം ശിപാർശ സഹിതം |

| | | | |
|---|---|---|---|
| | | | ജില്ലാതല അധികൃത സമിതിക്ക് സമർപ്പിക്കുകയും ചെയ്യുന്നു. പ്രസ്തുത അപേക്ഷകളിൽ ജില്ലാതല അധികൃത സമിതി ഒരു മാസത്തിനകം തീരുമാനമെടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജില്ലാതല അധികൃത സമിതിയുടെ തീരുമാനത്തിനെതിരെയുള്ള അപ്പീൽ ആയത് കൈപ്പറ്റി 30 ദിവസത്തിനകം ജില്ലാ കളക്ടർക്ക് സമർപ്പിക്കാവുന്നതാണ്. |
| (സി) | വീട് വെയ്ക്കുന്നതിനായി നിലം നികത്തിയശേഷം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിർമ്മാണാനുമതി ലഭിയ്ക്കാതെ നിരവധി ആളുകൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) യും (ഡി) യും | നിലവിലെ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി നിലം നികത്തുന്ന പക്ഷം വീട് നിർമ്മിക്കുന്നതിന് അനുമതി ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടേണ്ടതില്ല. |
| (ഡി) | എങ്കിൽ ഇതു പരിഹരിയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ